ഇ എസ് 2/30876/2009/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.23/07/2015

# നോട്ടീസ്

വിഷയം: ആവഡ- ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. ദിവ്യ.ബി.ടി സമ്മർപ്പിച്ച അപേക്ഷപരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. ശ്രീമതി. ദിവ്യ.ബി.ടി യുടെ തീയതി വയ്ക്കാത്ത അപേക്ഷ
2. GO.(Ms)No.87/2005/H&FWD Dt.30/03/2005
3. ഉത്തരവ് നമ്പർ എ2/257/2008/ഡി.എം.ഒ. തിരുവനന്തപുരം, തീയതി. 11/02/2008
4. ഉത്തരവ് നമ്പർ ഇ എസ് 2/30876/2009/ആവഡ തീയതി.30/11/2009

ക്ലാർക്കുമാരുടെ 01/01/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിലെ ക്ലാർക്ക് ശ്രീമതി. ദിവ്യ.ബി.ടി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീമതി. ദിവ്യ.ബി.ടി സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റേയും സൂചന 3 പ്രകാരമുള്ള തിരുവനന്തപുരം ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ആശ്രിത നിയമനം മുഖേന 15/02/2008 ന് ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. 21/02/2010 ന് പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. ടിയാൾസംവരണ സമുദായത്തിൽ ഉൾപ്പെട്ടതിനാൽ വകുപ്പ്തല പരീക്ഷകളിൽ യോഗ്യതനേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരമുള്ള ക്ലാർക്കുമാരുടെ 01/01/2003 മുതൽ 31/12/2008 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 508 (എ) ആയി ഉൾപ്പെടുത്തുന്നതിന് തൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുതായി അനുവദിച്ച റാങ്ക് നമ്പർ | സീനിയോരിറ്റിക്ക്കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|
| 1 | റജി.വി. | 10/05/1976 | 15/02/2008 | 508 | 508 | 08/02/2008 |
| 2 | ദിവ്യ.ബി.ടി | 12/04/1985 | 15/02/2008 | ഇല്ല | 508 A | 11/02/2008 |
| 3 | എസ്.ശിവദാസ് | 31/05/1985 | 15/02/2008 | 509 | 509 | 11/02/2008 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച്ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ